**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2362** **27-02-2023 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി പുതിയ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | നിലവിൽ 80,352.04 കോടിയിൽപരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിനു നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്ക് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിനു നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേക്ക് നിർദ്ദേശിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ആർ.ഐ.സി.കെ. വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട റോഡ് വികസന പദ്ധതിയായ കരമന-വെള്ളറട റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാന ബഡ്ജറ്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്ന 35.5 കിലോമീറ്ററുള്ള കരമന-വെള്ളറട റോഡ് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-നാണ്. പ്രസ്തുത പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | 15.02.2016-ലെ GO (Rt) No. 355/2016/PWD നം ഉത്തരവ് പ്രകാരം “5054-04-337-80-ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം” എന്ന ബഡ്ജറ്റ് ശീർഷകത്തിന് കീഴിൽ 21.44 കോടി രൂപ അനുവദിച്ചിട്ടുള്ളതാണെന്നും, പ്രസ്തുത റോഡിനായി 3 റീച്ചുകളിലായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതായും RICK അറിയിച്ചിട്ടുണ്ട്.<br>24.02.2018-ലെ GO (Ms) No. 69/2018/Fin നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി വഴി പദ്ധതികൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയോ മന്ത്രിസഭാ യോഗം അംഗീകരിക്കുകയോ വേണം. അങ്ങനെയുള്ള പദ്ധതികൾക്ക് മാത്രമാണ് കിഫ്ബി ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2362**

**27-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**കരമന-വെള്ളറട റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. ഐ ബി സതീഷ്** | **ശ്രീ. കെ. എൻ. ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

## മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2362 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപ്പൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

**ജോയിന്റ് സെക്രട്ടറി**